# ആരോഗ്യ കേരളം

2021 ഡിസംബർ

വാർത്താപത്രിക

follow us on /arogyakeralam


**അസമത്വങ്ങൾ അവസാനിപ്പിക്കാം... എയ്ഡ്സും മഹാമാരികളും ഇല്ലാതാക്കാം...**

**ലോക എയ്ഡ്സ് ദിനാചരണം - 2021 ഡിസംബർ 1**

# മുലയൂട്ടാനാവാത്ത അമ്മമാർക്ക് ആശ്വാസമായി മുലപ്പാൽ ബാങ്ക്

### കോഴിക്കോട് മെഡിക്കൽ കോളേജിൽ മുലപ്പാൽ ബാങ്ക് പ്രവർത്തനമാരംഭിച്ചു




**അമൃതമേകാൻ:** കോഴിക്കോട് മെഡിക്കൽ കോളേജിൽ ആരംഭിച്ച മുലപ്പാൽ ബാങ്ക്

കോഴിക്കോട്: പലവിധ കാരണങ്ങളാൽ മുലയൂട്ടാൻ സാധിക്കാത്ത അമ്മമാർക്ക് ഇനി ആശ്വസിക്കാം. സംസ്ഥാനത്ത് ആദ്യമായി ഒരു സർക്കാർ മെഡിക്കൽ കോളേജിൽ മുലപ്പാൽ ബാങ്ക് ആരംഭിച്ച് ചരിത്രത്തിന്റെ ഭാഗമാവുകയാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. അമ്മയുടെ രോഗാവസ്ഥ അല്ലെങ്കിൽ മരണം, പാൽ ഉൽപാദനം കുറയുക എന്നീ കാരണങ്ങളാൽ കുഞ്ഞുങ്ങൾക്ക് മുലപ്പാൽ ആവശ്യമായ തോതിൽ ലഭ്യമാവാത്ത സാഹചര്യം വരാറുണ്ട്. ഈ അവസരത്തിൽ കുഞ്ഞുങ്ങൾക്ക് മുലപ്പാൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് മുലപ്പാൽ ബാങ്ക് ആരംഭിച്ചിരിക്കുന്നത്.

നവജാതശിശുക്കൾക്ക് ഏറ്റവും അനുയോജ്യമായ പോഷകങ്ങൾ അടങ്ങിയ സമീകൃതാഹാരമാണ് മുലപ്പാൽ. കുഞ്ഞിന്റെ വളർച്ചക്കും രോഗപ്രതിരോധ ശേഷി, തൂക്കം എന്നിവ വർദ്ധിപ്പിക്കുന്നതിനും ബുദ്ധി വികാസത്തിനും മുലപ്പാൽ അത്യാവശ്യമാണ്. കുഞ്ഞിന് ഭാവിയിൽ ഉണ്ടായേക്കാവുന്ന ജീവിതശൈലീ രോഗങ്ങൾ വരെ മുലപ്പാലിലൂടെ നിയന്ത്രിക്കാൻ സാധിക്കും. ലോകാരോഗ്യസംഘടനയുടെ അഭിപ്രായ പ്രകാരം നവജാതശിശുവിനെ സംബന്ധിച്ചിടത്തോളം മുലപ്പാൽ ലഭ്യമല്ലെങ്കിൽ അടുത്തതായി ശുപാർശ ചെയ്യുന്ന ഏറ്റവും അനുയോജ്യമായ പോഷണം പാസ്ചുറൈസ്ഡ് ഡോണർ ഹ്യൂമൻ മിൽക്കാണ്.

2021 സെപ്തംബർ 17 നാണ് മുലപ്പാൽ ബാങ്ക് യാഥാർഥ്യമാക്കിയത്. മുലയൂട്ടുന്ന അമ്മമാർ, പ്രസവാനന്തരം വാർഡിൽ കിടക്കുന്ന അമ്മമാർ എന്നിവരിൽ നിന്നാണ് മുലപ്പാൽ ശേഖരിക്കുന്നത്. എല്ലാവിധ ആരോഗ്യ പരിശോധനകളും നടത്തി കൗൺസിലിംഗും നൽകി ഇവരുടെ പൂർണ്ണ സമ്മതപ്രകാരമാണ് അവരിൽ നിന്നും പാൽ ശേഖരിക്കുന്നത്. ഓരോ അമ്മമാരുടേയും പേര് വിവരങ്ങൾ ശേഖരിച്ച് കൃത്യമായി ഐഡന്റിഫിക്കേഷൻ നമ്പർ നൽകി ലേബൽ ചെയ്താണ് പാൽ സൂക്ഷിക്കുക. രജിസ്റ്ററിലും വിവരങ്ങൾ സൂക്ഷിക്കും. മുലപ്പാൽ ബാങ്കിൽ രണ്ട് മുലപ്പാൽ എക്സ്പ്രഷൻ ഏരിയ ഉണ്ട്. ഇവിടെ വെച്ച് ഇലക്ട്രിക് ബ്രസ്റ്റ് പമ്പ് ഉപയോഗിച്ചാണ് പാൽ ശേഖരിക്കുന്നത്. ഈ പാൽ മൈനസ് 20 ഡിഗ്രി ഊഷ്മാവിൽ ഡീപ് ഫ്രീസറിൽ സൂക്ഷിക്കും. ഇങ്ങനെ ശേഖരിച്ച പാൽ അണുവിമുക്തമാക്കുന്നതിനായി മിൽക് പ്രൊസസിങ് ഏരിയയിൽ ശീതീകരിച്ച് സൂക്ഷിക്കുന്നു. തുടർന്ന് പാസ്ചുറൈസേഷൻ വഴി പൂർണ്ണമായി അണുവിമുക്തമാക്കിയതിനു ശേഷം ലേബൽ ചെയ്ത് സൂക്ഷിക്കുന്നതിനായി ഡീപ് ഫ്രീസറിലേക്ക് മാറ്റുന്നു. അണുവിമുക്തമാക്കിയ പാൽ വീണ്ടും പരിശോധനകൾക്കായി മൈക്രോബയോളജി ലാബിലേക്ക് അയക്കുന്നു. ലാബിൽ വെച്ച് പൂർണ്ണമായും അണുവിമുക്തമാണെന്ന് ഉറപ്പു വരുത്തുന്നതിനായി കൾച്ചർ ചെയ്യുന്നു. ഇങ്ങനെ അണുവിമുക്തമാക്കി സംഭരിക്കുന്ന മുലപ്പാൽ ഡീപ് ഫ്രീസറിൽ ആറ് മാസം വരെ സൂക്ഷിക്കാവുന്നതാണ്. എൻ.ഐ.സി.യുവിന്റെ ആവശ്യാനുസരണം ഡീപ് ഫ്രീസറിൽ വെച്ച പാൽ സാധാരണ ഊഷ്മാവിലേക്ക് മാറ്റി നൽകുന്നു.

> ഇങ്ങനെ അണുവിമുക്തമാക്കി സംഭരിക്കുന്ന മുലപ്പാൽ ഡീപ് ഫ്രീസറിൽ ആറ് മാസം വരെ സൂക്ഷിക്കാവുന്നതാണ്.

മെഡിക്കൽ കോളേജിൽ ആരംഭിച്ച ഈ സംരഭം ജില്ലയിലെ മറ്റ് ആശുപത്രികളിൽ ചികിത്സതേടുന്ന നവജാതശിശുക്കൾക്കും കൂടി ഉപകാരപ്പെടുന്ന രീതിയിലേക്ക് വളർത്തിയെടുക്കാനുള്ള ശ്രമത്തിലാണ് അധികൃതർ.

# ആരോഗ്യസ്ഥാപനങ്ങൾ എല്ലാ ജനവിഭാഗങ്ങളെയും ഉൾക്കൊള്ളണം

### ഏക ദിന വർക്ക്ഷോപ്പ് സംഘടിപ്പിച്ചു



ട്രാൻസ്ജെന്റർ സെൽ സ്റ്റേറ്റ് പ്രൊജക്ട് ഓഫീസർ ശ്യാമ എസ് പ്രഭ വർക്ക്ഷോപ്പിൽ സംസാരിക്കുന്നു

തിരുവനന്തപുരം: ദേശീയ ആരോഗ്യ ദൗത്യം സംസ്ഥാന ബി.സി.സി വിഭാഗം 'സെക്ഷ്വൽ ആന്റ് ജെന്റർ മൈനോരിറ്റി; വാട്ട് വീ നീഡ് റ്റു നോ ആന്റ് വാട്ട് നീഡ്സ് റ്റു ബീ ഡൺ' എന്ന വിഷയത്തെ ആസ്പദമാക്കി ഏക ദിന വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. നവംബർ 18 വ്യാഴാഴ്ച തിരുവനന്തപുരം കെ എസ് ഐ എച്ച് എഫ് ഡബ്ല്യുവിൽ നടന്ന പരിപാടിയിൽ ജില്ലകളിലെ ആശ കോർഡിനേറ്റർമാർ, ജൂനിയർ കൺസൾട്ടന്റുമാർ (ഡോക്യുമെന്റേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ) എന്നിവർ പങ്കെടുത്തു. എൽജിബിടി കമ്മ്യൂണിറ്റിയുടെ ശാരീരിക മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദേശീയ ആരോഗ്യ ദൗത്യം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ക്യാമ്പയിനിന്റെ ഭാഗമായായിരുന്നു വർക്ക്ഷോപ്പ് സംഘടിപ്പിച്ചത്. ഈ വിഭാഗക്കാർ അഭിമുഖീകരിക്കുന്ന മാനസിക ശാരീരിക പ്രശ്നങ്ങളും ആരോഗ്യസ്ഥാപനങ്ങളെ സമീപിക്കുന്നതിലുള്ള വിമുഖതകളും മാറ്റിയെടുക്കുക, എല്ലാ വിഭാഗം ആളുകളുളെയും ഉൾക്കൊള്ളുന്ന തരത്തിൽ ബോധവത്ക്കരണ ക്യാമ്പയിനുകളും ഐ.ഇ.സി സന്ദേശങ്ങളും തയ്യാറാക്കുക എന്നതിനെപ്പറ്റി വിശദമായ ചർച്ചയും വർക്ക്ഷോപ്പിന്റെ ഭാഗമായി നടന്നു.

എസ് കെ ഹരികുമാർ, ടീം ലീഡർ ടി എസ് യു (കെ എസ് എ സി എസ്), ട്രാൻസ്ജെന്റർ സെൽ സ്റ്റേറ്റ് പ്രൊജക്ട് ഓഫീസർ ശ്യാമ എസ് പ്രഭ, പ്രൊജക്ട് അസിസ്റ്റന്റ് സാഖിയ, ആക്ടിവിസ്റ്റ് അനുരാധ കൃഷ്ണൻ, റിസർച്ച് സ്കോളർ ആൻഡ് ആക്ടിവിസ്റ്റ് പി കെ പ്രജിത്ത് എന്നിവർ വിഷയത്തിൽ സംസാരിച്ചു. ട്രാൻസ്ജെന്റർ സമൂഹം മാനസികമായും ശാരീരികമായും സാമൂഹികമായും നേരിടുന്ന വെല്ലുവിളികൾ അവരുടെ അനുഭവങ്ങളിലൂടെ പങ്കുവെച്ചു.

എൻ.എച്ച്.എം സംസ്ഥാന ബി സി സി വിഭാഗം, സോഷ്യൽ ഡവലപ്മെന്റ്, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മാസ് മീഡിയ വിഭാഗം, കെ എസ് എ സി എസ് തുടങ്ങിയവയുടെ പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു.




# പ്രസവകാല സംരക്ഷണമേകി ഗർഭകാല ഗോത്രമന്ദിരം



വൈത്തിരിയിലെ ഗർഭകാല ഗോത്രമന്ദിരം

കൽപ്പറ്റ; ആദിവാസി വിഭാഗങ്ങളിലെ മാതൃശിശു മരണനിരക്ക് കുറക്കുന്നതിനും ഗർഭകാല പരിചരണം ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാരും ജില്ലാ ആരോഗ്യവകുപ്പും ചേർന്ന് ഗർഭകാല ഗോത്രമന്ദിരങ്ങൾക്ക് തുടക്കം കുറിച്ചു. പ്രസവ സംബന്ധമായ പല ബുദ്ധിമുട്ടുകളും ആദിവാസി സ്ത്രീകൾ നേരിടുന്നുവെങ്കിലും ആശുപത്രികളിൽ പോവാൻ പലപ്പോഴും ഇവർ മടിക്കുന്നു. ഈയൊരു സാഹചര്യത്തിലാണ് ആശുപത്രികളിലെ പ്രസവം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗർഭകാല ഗോത്ര മന്ദിരങ്ങളൊരുക്കിയത്.

സുൽത്താൻ ബത്തേരി, വൈത്തിരി താലൂക്ക് ആശുപത്രികൾക്കു കീഴിൽ രണ്ടു വീതവും നൂൽപ്പുഴ, അപ്പപ്പാറ, വാഴവറ്റ ആശുപത്രി പരിസരങ്ങളിൽ ഒന്നു വീതവുമായി ജില്ലയിൽ ആകെ ഏഴ് യൂണിറ്റുകളാണുള്ളത്. നൂൽപ്പുഴയിൽ ഗർഭിണികളെ പരിചരിക്കാനായി ഗോത്ര അമ്മയെയും നിയമിച്ചിട്ടുണ്ട്. ആദിവാസി വിഭാഗത്തിൽപ്പെട്ട പലരും പ്രസവ ശുശ്രൂഷക്ക് ആശുപത്രിയിൽ ചികിത്സനേടാൻ വിമുഖത കാണിക്കാറുണ്ട്. ആരോഗ്യവകുപ്പ് ഇത് വിശദമായി പരിശോധിച്ചതിന് ശേഷം ആവിഷ്കരിച്ച പദ്ധതിയാണ് ഗർഭകാല ഗോത്രമന്ദിരം. 43.71 ലക്ഷം രൂപ മുതൽമുടക്കിലാണ് ഏഴു യൂണിറ്റുകൾ നിർമിച്ചത്. പ്രസവ സംബന്ധമായി ജില്ലയിൽ നിർഭാഗ്യകരമായ പല സംഭവങ്ങളുമുണ്ടായ സാഹചര്യത്തിൽ ഗർഭിണിയായ ആദിവാസി സ്ത്രീകൾക്ക് സംരക്ഷണവും കരുതലും മന്ദിരത്തിലൂടെ ഒരുക്കുകയാണ് ലക്ഷ്യം. വീടുകളിലെ പ്രസവം ഒഴിവാക്കാനും ആശുപത്രിയി

(പേജ് മൂന്നിൽ തുടർന്ന് വായിക്കുക)

# ആന്റി മൈക്രോബിയൽ അവബോധ വാരാചരണം; ശിൽപശാല സംഘടിപ്പിച്ചു

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ആന്റി മൈക്രോബിയൽ മരുന്നുകളുടെ ശരിയായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ശിൽപശാല സംഘടിപ്പിച്ചു.

ആന്റിബയോട്ടിക്കുകളുടെ ക്രമരഹിതമായ ഉപയോഗവും ദുരുപയോഗവും മനുഷ്യന്റെ ആരോഗ്യത്തിനും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്കും വലിയ രീതിയിലുള്ള ആഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ബാക്ടീരിയ, വൈറസ്, പൂപ്പൽ എന്നിവ മൂലമുണ്ടാകുന്ന വിവിധ രോഗങ്ങൾക്ക് മനുഷ്യർക്കും മൃഗങ്ങൾക്കും ആന്റിമൈക്രോബിയൽസ് മരുന്നുകളാണ് നൽകുന്നത്. ഇവയുടെ വിവേചന രഹിതമായ ഉപയോഗം ഇത്തരം രോഗാണുക്കൾക്ക് മരുന്നുകളോട് പ്രതിരോധിക്കാനുള്ള കഴിവ് നേടുന്നതിന് ഇടയാക്കുന്നുവെന്ന് ശിൽപശാല ചർച്ച ചെയ്തു.

ആറ് ദിവസം നീണ്ടുനിന്ന പരിപാടിയിൽ ആയിരത്തോളം ആരോഗ്യപ്രവർത്തകർ പങ്കെടുത്തു. നൂറോളം വിദഗ്ദ്ധർ വിഷയത്തിൽ സംസാരിച്ചു. ആരോഗ്യ പ്രവർത്തകർ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവരെ ലക്ഷ്യമിട്ട് വിവിധ തരത്തിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു.

## അമ്മുക്കുട്ടി പറയട്ടെ





## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**ഡോ. രത്തൻ യു ഖേൽക്കർ IAS**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, NHM

എഡിറ്റർ
**ശ്രീ ശിനോഷ് കെ പി**
സീനിയർ കൺസൾട്ടന്റ്, IEC&BCC

അസി. എഡിറ്റേഴ്സ്
**ശ്രീമതി സ്മൃതി ലക്ഷ്മി റ്റി**
ജെ.സി.(ഡി & സി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**ശ്രീ ഷൈജിൽ കെ കെ**
ജെ.സി. (ഡി & സി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**വർഷ വി കെ**
ജെ.സി. (ഡി & സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
**ശ്രീമതി വർഷ ജയപ്രകാശ്**
ജെ.സി (ഡി & സി), തിരുവനന്തപുരം
**ശ്രീമതി അശ്വനി രവീന്ദ്രൻ**
ജെ.സി (ഡി & സി), കൊല്ലം
**ശ്രീ തേജസ് ഉഴുവത്ത്**
ജെ.സി (ഡി & സി), പത്തനംതിട്ട
**ശ്രീ വിനു എ**
ജെ.സി (ഡി & സി), എറണാകുളം
**ശ്രീമതി ധാനി പ്രിയൻ**
കൺസൾട്ടന്റ് (ഡി & സി), തൃശൂർ
**ശ്രീമതി ദിവ്യ ഇ ആർ**
ജെ.സി (ഡി & സി), മലപ്പുറം
**ശ്രീ നിജിൽ**
ജെ.സി (ഡി & സി), വയനാട്)
**ശ്രീമതി ദിവ്യ**
കൺസൾട്ടന്റ് (ഡി & സി), കോഴിക്കോട്
**ശ്രീമതി ബിൻസി രവീന്ദ്രൻ യു**
ജെ.സി (ഡി & സി), കണ്ണൂർ
**ശ്രീ കമൽ കെ ജോസ്**
ജെ.സി (ഡി & സി), കാസറഗോഡ്
**ശ്രീമതി ഷീബ ആർ ദാസ്**
ക്ലർക്ക് & ഡി.ഇ.ഒ സ്റ്റേറ്റ് മിഷൻ ഓഫീസ്



# ഇ - സഞ്ജീവനി ടെലിമെഡിസിൻ

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് പതിവ് ഒ.പി ചികിത്സക്കായുള്ള ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കി പകരം ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ നൽകുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ടെലിമെഡിസിൻ സംവിധാനമാണ് ഇ-സഞ്ജീവനി. രാജ്യത്ത് നടപ്പാക്കിയ ആദ്യത്തെ ദേശീയ ഓൺലൈൻ വ്യക്തിസൗഹൃദ ടെലിമെഡിസിൻ വീഡിയോ കോൺഫറൻസ് സംവിധാനമാണ് ഇ-സഞ്ജീവനി. കഴിഞ്ഞ ഒരു വർഷമായി ഇ-സഞ്ജീവനി പ്ലാറ്റ്ഫോമിൽ ഏകദേശം 4000 ൽപരം ഡോക്ടർമാരാണ് സേവനം നൽകിയത്. മൂന്ന് ലക്ഷത്തോളം പേരാണ് ഇതുവരെ ചികിത്സ തേടിയത്. ഇന്ന് ജനറൽ ഒ.പി, കോവിഡ് ഒ.പി തുടങ്ങിയ വിവിധ സ്പെഷ്യാലിറ്റി ഒ.പി കളുടെ സേവനവും ഇ-സഞ്ജീവനി വഴി ലഭ്യമാക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് അവരുടെ വീടുകളിലിരുന്ന് തന്നെ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത.

സംസ്ഥാനത്ത് കോവിഡ് -19 വ്യാപനം വർദ്ധിച്ച സാഹചര്യത്തിൽ വിവിധ സ്പെഷ്യാലിറ്റി ഒ.പികളും കൂടുതൽ ഡോക്ടർമാരെയും ഉൾപ്പെടുത്തി ഇ-സഞ്ജീവനി സേവനം ശക്തിപ്പെടുത്തി. ഇപ്പോൾ സാധാരണ ഒ.പിക്ക് പുറമേ എല്ലാ ദിവസവും സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനവും നൽകുന്നുണ്ട്. ആശുപത്രികളിലെ തിരക്ക് കുറയ്ക്കാനും ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ സൗജന്യമായി ലഭിക്കാനും ഇ-സഞ്ജീവനി സഹായിക്കുന്നു. ഇ-സഞ്ജീവനിയിലൂടെ ലഭിക്കുന്ന കുറിപ്പടി തൊട്ടടുത്ത സർക്കാർ ആശുപത്രിയിൽ കാണിച്ചാൽ മരുന്നുകളും പരിശോധനകളും സൗജന്യമായി ലഭിക്കും. കൂടാതെ ഇ-പ്രിസ്ക്രിപ്ഷൻ വഴി സ്വകാര്യ ഫാർമസികളിൽ നിന്നും മരുന്നുകൾ വാങ്ങാനും ലാബുകളിൽ നിന്നും പരിശോധന നടത്താനും രോഗിക്ക് കഴിയും.

ആരോഗ്യ വകുപ്പിലെ വിദഗ്ദ്ധ ഡോക്ടർമാർ നേതൃത്വം നൽകുന്ന സ്പെഷ്യാലിറ്റി ഒ.പികൾ വിവിധ ജില്ലകളിൽ നിന്നും ആരംഭിച്ചിട്ടുണ്ട്. സൈക്യാട്രി, ശിശുരോഗം, ഹൃദ്രോഗം, ഗൈനക്കോളജി, ദന്തരോഗം, നേത്രരോഗം, തുടങ്ങിയ വിഭാഗങ്ങളിൽ സ്പെഷ്യാലിറ്റി ഒ.പി സേവനങ്ങളും ഇത്തരത്തിൽ നൽകുന്നുണ്ട്. എം.സി.സി തലശ്ശേരി, ആർ.സി.സി തിരുവനന്തപുരം, കൊച്ചിൻ കാൻസർ സെന്റർ, ഇംഹാൻസ് കോഴിക്കോട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബെറ്റിക്സ് തിരുവനന്തപുരം തുടങ്ങിയ കേരളത്തിലെ പ്രധാനപ്പെട്ട പൊതുമേഖല സ്ഥാപനങ്ങളുടെ ഒ.പി സേവനങ്ങൾ ഇ-സഞ്ജീവനി വഴി ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ മെഡിക്കൽ കോളേജുകളുടെ സേവനങ്ങളും, ആയുഷ് ഡിപ്പാർട്ട്മെന്റിന്റെ സേവനങ്ങളും ഇ-സഞ്ജീവനി വഴി ലഭ്യമാണ്. കുഞ്ഞുങ്ങളിൽ ഉണ്ടാകുന്ന വൈകല്യങ്ങളും അതുമായി ബന്ധപ്പെട്ട ചികിത്സയെക്കുറിച്ചും തുടർ ചികിത്സയെക്കുറിച്ചും വളർച്ച മുരടിപ്പും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചും ഓൺലൈൻ വഴി പരിഹാരം തേടാൻ കഴിയുന്ന ഡി.ഇ.ഐ.സി ഒ.പി, കൗമാരക്കാരുടെ ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും സേവനം തേടാവുന്ന കൗമാര ക്ലിനിക്ക്, സർക്കാർ മേഖലയിലെ സ്പെഷ്യാലിറ്റി ഡോക്ടർമാർ നേതൃത്വം നൽകുന്ന ഒ.പി യിലെ സേവനങ്ങൾ എന്നിവ വളരെയേറെ പ്രയോജനപ്രദമാണ്. എല്ലാ ദിവസവും രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയാണ് ജനറൽ ഒ.പി പ്രവർത്തിക്കുന്നത്. സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ആവശ്യമുള്ളവരെ അതാത് വിഭാഗങ്ങളിലേക്ക് റഫർ ചെയ്യുന്നു.

## ടെലിമെഡിസിൻ സേവനം

ഇ-സഞ്ജീവനി ടെലിമെഡിസിൻ സേവനങ്ങൾക്കായി https://esanjeevaniopd.in/kerala എന്ന ഓൺലൈൻ സൈറ്റ് സന്ദർശിക്കുകയോ അല്ലെങ്കിൽ ഇ-സഞ്ജീവനി ആപ്ലിക്കേഷൻ (https://play.google.com/store/apps/details?id=in.hied.esanjeevaniopd&hl=en_US) ഡൗൺലോഡ് ചെയ്തു ഉപയോഗിക്കുകയോ ചെയ്യാവുന്നതാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈലോ, ലാപ്ടോപോ അല്ലെങ്കിൽ ടാബോ ഉണ്ടെങ്കിൽ esanjeevaniopd.in എന്ന സൈറ്റിൽ പ്രവേശിക്കാം. പ്രസ്തുത വ്യക്തികൾ ഉപയോഗിക്കുന്ന ആക്ടീവായ മൊബൈൽ നമ്പർ ഉപയോഗിച്ചു രജിസ്റ്റർ ചെയ്യുക. തുടർന്ന് ലഭിക്കുന്ന ഒ.ടി.പി നമ്പർ ഉപയോഗിച്ചു ലോഗിൻ ചെയ്ത ശേഷം പേഷ്യന്റ് ക്യൂവിൽ പ്രവേശിക്കാം. തുടർന്ന് ഒ.പി കൺസൾട്ടേഷനും പൂർത്തിയാക്കാം. ഒ.പി കൺസൾട്ടേഷൻ പൂർത്തിയാക്കിയ ശേഷം ഡോക്ടറുടെ കുറിപ്പടി ഡൗൺലോഡ് ചെയ്തു തൊട്ടടുത്ത ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള മരുന്നുകൾ വാങ്ങാവുന്നതാണ്. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകളെ ഉപയോഗപ്പെടുത്തി വളരെ എളുപ്പത്തിൽ ഗുണനിലവാരമുള്ള മെച്ചപ്പെട്ട ചികിത്സ വേഗത്തിൽ ലഭ്യമാക്കാൻ ഇ-സഞ്ജീവനി വഴി സാധിക്കുന്നതാണ്. ആശുപത്രികളിലെ ഒ.പി തിരക്ക് കുറക്കുന്നതിനും ജനങ്ങൾ തമ്മിലുള്ള സമ്പർക്കം ഒഴിവാക്കുന്നതിനും അതിലൂടെ പലവിധ പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനും ഇതിലൂടെ സാധിക്കും.

## ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ സേവനം

ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ സേവനം ഒരു ഹബ് ആൻഡ് സ്പോക് മോഡലിലാണ് പ്രവർത്തിക്കുന്നത്. ഹബ് എന്നത് മെഡിക്കൽ കോളേജുകളിലെയും, ജില്ലാ ആശുപത്രികളിലെയും എല്ലാ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും അടങ്ങിയ ഒരു പൂളാണ്. സ്പോക് എന്നത് താലൂക്ക് ആശുപത്രി, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രം, കുടുംബാരോഗ്യ ഉപകേന്ദ്രം എന്നിവയാണ്. സ്പോക്കിൽ വരുന്ന രോഗികളെ മെഡിക്കൽ കോളേജുകളിലെക്കും ജില്ല ആശുപത്രികളിലേക്കും റഫർ ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ അവർക്ക് സ്പോക് ആശുപത്രിയിൽ ഇരുന്നുകൊണ്ട് തന്നെ മെഡിക്കൽ കോളേജുകളിലെയും, ജില്ലാ ആശുപത്രികളിലെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭിക്കുന്നു എന്നതാണ് ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ സേവനത്തിന്റെ പ്രത്യേകത.

## എങ്ങനെ വീട്ടിലിരുന്ന് ഡോക്ടറെ കാണാം

ഇ സ്ഞ്ജീവനി സേവനങ്ങൾക്കായി https://esanjeevaniopd.in/kerala എന്ന വെബ്സൈറ്റ് വഴിയോ (https://play.google.com/store/apps/details?id=in.hied.esanjeevaniopd&hl=en_US) ആൻഡ്രോയ്ഡ് ആപ്ലിക്കേഷൻ വഴിയോ ഇ സഞ്ജീവനി പ്ലാറ്റ്ഫോമിലെത്താം. സ്വന്തം മൊബൈൽ നമ്പർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യുക. ലഭ്യമാകുന്ന ഒടിപി ഉപയോഗിച്ച് ലോഗിൻ ചെയ്ത് പേഷ്യന്റ് ക്യൂവിൽ പ്രവേശിക്കുക.

## ഇ സഞ്ജീവനി ഒ.പി വിശദാംശങ്ങൾ

| | | |
|---|---|---|
| ജനറൽ ഒ.പി | എല്ലാ ദിവസവും | 8 am - 8 pm |
| കോവിഡ് ഒ.പി | എല്ലാ ദിവസവും | 24 Hrs |
| ഗൈനക്കോളജി | എല്ലാ ദിവസവും | 9 am - 1 pm |
| ഡെർമറ്റോളജി (ത്വക്ക്) | എല്ലാ ദിവസവും | 9 am - 5 pm |
| നെഞ്ച്/പൾമണോളജി | എല്ലാ ദിവസവും | 9 am - 1 pm |
| ജനറൽ സർജറി | എല്ലാ ദിവസവും | 9 am - 1 pm |
| സൈക്ക്യാട്രി | എല്ലാ ദിവസവും | 9 am - 1 pm |
| ജനറൽ മെഡിസിൻ | എല്ലാ ദിവസവും | 9 am - 1 pm |
| ഇ.എൻ.ടി | എല്ലാ ദിവസവും | 9 am - 5 pm |
| ഒഫ്താൽമോളജി (കണ്ണ്) | എല്ലാ ദിവസവും | 9 am - 5 pm |
| പാലിയേറ്റീവ് കെയർ | എല്ലാ ദിവസവും | 9 am - 1 pm |
| പീഡിയാട്രിക് | തിങ്കൾ - ശനി | 9 am - 6 pm |
| പീഡിയാട്രിക് | ഞായർ | 9 am - 1 pm |
| കാർഡിയോളജി | ഞായർ | 9 am - 1 pm |
| ഓർത്തോ (എല്ല്) | തിങ്കൾ, വ്യാഴം, വെള്ളി | 9 am - 1 pm |
| ഡെന്റൽ (പല്ല്) | തിങ്കൾ, ചൊവ്വ, വെള്ളി | 9 am - 1 pm |
| കൗമാര ആരോഗ്യം | തിങ്കൾ - ശനി | 9.30 am - 3 pm |
| ഹീമോഫീലിയ | തിങ്കൾ - ശനി | 9 am - 1 pm |
| ജീവിത ശൈലീ രോഗങ്ങൾ | ചൊവ്വ, വ്യാഴം | 2 pm - 4 pm |
| ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ | ചൊവ്വ, വ്യാഴം | 4 pm - 6 pm |
| ഡി.ഇ.ഐ.സി | തിങ്കൾ - വെള്ളി | 10 am - 4 pm |
| ഡി.ഇ.ഐ.സി പീഡിയാട്രിക് | തിങ്കൾ - വെള്ളി | 10 am - 4 pm |
| ഡി.ഇ.ഐ.സി മെഡിക്കൽ ഓഫീസർ | തിങ്കൾ - വെള്ളി | 10 am - 4 pm |
| ആയുർവേദം | തിങ്കൾ - ശനി | 9 am - 12 pm |
| ഹോമിയോപ്പതി | തിങ്കൾ - ശനി | 9 am - 12 pm |
| ഇംഹാൻസ് (അഡൾട് സൈക്യാട്രി) | ബുധൻ | 10 am - 12 pm |
| ചൈൽഡ് ഡെവലപ്മെന്റ് സർവീസ് | ചൊവ്വ | 10 am - 12 pm |
| പീഡിയാട്രിക് കാർഡിയോളജി | ചൊവ്വ | 2 pm - 4 pm |
| ചൈൽഡ് ഡെവലപ്മെന്റ് സെന്റർ | വ്യാഴം | 12 pm - 3.30 pm |

### മലബാർ കാൻസർ സെന്റർ

| | | |
|---|---|---|
| സർജിക്കൽ | തിങ്കൾ | 3 pm - 4 pm |
| ക്ലിനിക്കൽ ഹെമറ്റോളജി | ചൊവ്വ | 3 pm - 4 pm |
| റേഡിയേഷൻ | ചൊവ്വ | 3 pm - 4 pm |
| ബ്രെസ്റ്റ് & ഗൈനക് | ബുധൻ | 3 pm - 4 pm |
| മെഡിക്കൽ | ബുധൻ | 3 pm - 4 pm |
| പീഡിയാട്രിക് | വ്യാഴം | 3 pm - 4 pm |
| ഹെഡ് & നെക്ക് | വെള്ളി | 3 pm - 4 pm |
| കാൻസർ പാലിയേറ്റീവ് മെഡിസിൻ | വെള്ളി | 3 pm - 4 pm |

### കൊച്ചിൻ കാൻസർ സെന്റർ

| | | |
|---|---|---|
| ഹെഡ് & നെക്ക് | ചൊവ്വ, ബുധൻ | 12 pm - 1 pm |
| റേഡിയേഷൻ | ബുധൻ | 2 pm - 3 pm |
| മെഡിക്കൽ | വ്യാഴം | 12 pm - 1 pm |
| ഗൈനക് | വെള്ളി | 9 am - 12 pm |


### റീജിയണൽ കാൻസർ സെന്റർ

| | | |
|---|---|---|
| ജനറൽ ഓങ്കോളജി | ചൊവ്വ, വെള്ളി | 2 pm - 3 pm |
| തൊറാക്സ് & ഗാസ്ട്രോ ഇന്റസ്റ്റൈനൽ കാൻസർ (ഇ ക്ലിനിക്) | ചൊവ്വ | 2 pm to 2.45pm |
| ഗൈനക് - യൂറോളജിക്കൽ (ഡി ക്ലിനിക്) | ചൊവ്വ | 2.45 - 3.30 pm |
| പീഡിയാട്രിക് കാൻസറുകൾ (എഫ് ക്ലിനിക്) | ചൊവ്വ | 3.30 - 4.15 pm |
| ഹെഡ് & നെക്ക് കാൻസറുകൾ (ബി ക്ലിനിക്) | വെള്ളി | 2.45 - 3.30 pm |
| ബ്രെസ്റ്റ് കാൻസർ (സി ക്ലിനിക്) | വെള്ളി | 2 pm - 2.45 pm |
| ഹെമറ്റോളജി കാൻസറുകൾ (എ ക്ലിനിക്) | വെള്ളി | 3.30 - 4.14 pm |

# എൺപതുകാരിയെ മരണമുഖത്ത് നിന്ന് ജീവിതത്തിന്റെ തീരത്തേക്ക് അടുപ്പിച്ച് ആരോഗ്യപ്രവർത്തകർ

തിരുവനന്തപുരം: ആശുപത്രിയിലെ തിരക്കൊഴിഞ്ഞ് പതിവ് പോലെ അന്നും നേരം വൈകിയാണ് ചാല യു.പി.എച്ച്.സിയിലെ ജെ.പി.എച്ച്.എൻ സജിത ഇറങ്ങിയത്. വീട്ടിലേക്കുള്ള യാത്രാമേധ്യേ ഫീൽഡ് പ്രവർത്തനം കഴിഞ്ഞ് വഴിയരികിൽ കാത്തുനിൽക്കുന്നുണ്ടാകും അതേ യു.പി.എച്ച്.സിയിലെ ആശപ്രവർത്തകയായ മറ്റൊരു സജിത. ഇരുവരുടേയും പ്രവർത്തനം അവിടെ നിന്ന് വീണ്ടും ആരംഭിക്കുകയാണ്. കോവിഡ് പോസിറ്റീവായി വീടുകളിൽ ക്വാറന്റൈനിൽ കഴിയുന്നവർക്കുള്ള അവശ്യ മരുന്നുകളും സഹായങ്ങളും എത്തിക്കുകയാണ് ഇവരുടെ അടുത്ത ജോലി. കരമന ആറൂർ വാർഡിലെ ആരോഗ്യ ക്ഷേമ പ്രവർത്തനത്തിൽ മുഖ്യധാര പ്രവർത്തകരാണ് ഇവർ.

കോവിഡ് മൂർദ്ധന്യാവസ്ഥയിലായതോടെ ഒരാഴ്ചത്തെ ആശുപത്രി ഡ്യൂട്ടി കഴിഞ്ഞാണ് ഇവരുവരും അന്ന് മരുന്നുവിതരണത്തിന് ഇറങ്ങിയത്. മരുന്നുകൾ വിതരണം ചെയ്ത ശേഷമാണ് അവർ ജഗദമ്മയുടെ വീട്ടിലെത്തി വിവരങ്ങൾ അന്വേഷിച്ചത്. 80



> വീടിനുള്ളിൽ കയറിയ അവർ കണ്ടത് മലമൂത്ര വിസർജ്യത്തിൽ പുഴുവരിച്ചു കിടക്കുന്ന ജഗദമ്മയെയാണ്

വയസ്സായ ജഗദമ്മയുടെ ഭർത്താവ് നേരത്തേ മരണപ്പെട്ടു. കുട്ടികളില്ലാത്ത ജഗദമ്മ കുറച്ചു ദിവസങ്ങളായി കിടപ്പിലാണെന്നും ആഹാരം കഴിക്കാൻ ബുദ്ധിമുട്ടാണെന്നും അറിഞ്ഞപ്പോൾ വീടിനുള്ളിൽ കയറിയ അവർ കണ്ടത് മലമൂത്ര വിസർജ്യത്തിൽ പുഴുവരിച്ചു കിടക്കുന്ന ജഗദമ്മയെയാണ്. ഉടൻ തന്നെ പാലിയേറ്റീവ് കെയർ ടീമിനെ വിവരമറിയിച്ചു. തുണികളും കോട്ടണും അനുബന്ധ മരുന്നുകളും സാമഗ്രികളും എത്തിച്ചു അവർക്ക് പ്രാഥമിക ശുശ്രൂഷകൾ നൽകുകയും ചെയ്തു.

ഒരാഴ്ച മുമ്പ് വരെ ആരോഗ്യവതിയായിരുന്ന ജഗദമ്മ ശാരീരിക അസ്വസ്ഥതകളെ തുടർന്ന് കിടപ്പിലാവുകയായിരുന്നു. പ്രാഥമിക ശുശ്രൂഷകൾക്കു ശേഷം ഇരു സജിതമാരും പാലിയേറ്റീവ് കെയർ ടീമും ജഗദമ്മയെ ആംബുലൻസിന്റെ സേവനത്തോടെ മികച്ച ചികിത്സ ലഭ്യമാക്കുതിനായി പേരൂർക്കട ജില്ലാ മാതൃകാശുപത്രിയിലേയ്ക്ക് മാറ്റി. രണ്ടാഴ്ചത്തെ ചികിത്സയ്ക്കു ശേഷം സാധാരണ ജീവിതത്തിലേക്ക് തിരികെയെത്തിയ അവരെ സർക്കാരിന്റെ വൃദ്ധസദനമായ ആശാഭവനിലേയ്ക്ക് മാറ്റി പാർപ്പിച്ചു.

പാലിയേറ്റീവ് കെയറിന്റേയും സജിതമാരെ പോലുള്ള ആരോഗ്യ പ്രവർത്തകരുടെ സമയോചിതമായ ഇടപെടലിലൂടെ ഓരോ ജീവനെയും മരണത്തിൽ നിന്ന് ജീവിത തീരത്തേക്ക് അടുപ്പിച്ച് മാതൃകയാവുകയാണ്.

# ജനറൽ ആശുപത്രിയിലെ ഓക്സിജൻ പ്ലാന്റ് ഉദ്ഘാടനം ചെയ്തു




ഓക്സിജൻ പ്ലാന്റിന്റെ ഉദ്ഘാടനം ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണ ജോർജ് നിർവഹിക്കുന്നു.


പത്തനംതിട്ട: ജനറൽ ആശുപത്രിയിൽ സ്ഥാപിച്ച ഓക്സിജൻ പ്ലാന്റിന്റെ ഉദ്ഘാടനം ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണ ജോർജ് നിർവഹിച്ചു. കോവിഡ് സാഹചര്യത്തിൽ ഓക്സിജൻ ലഭ്യത അനിവാര്യമായതിനെ തുടർന്നാണ് സംസ്ഥാനത്തെ എട്ട് ആശുപത്രികളിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കാൻ തീരുമാനിച്ചത്.

ജില്ലയിൽ കോവിഡ് രോഗബാധ ഏറ്റവും ശക്തമായിരുന്ന സമയങ്ങളിൽപോലും 24 മണിക്കൂറും പ്രവർത്തനം നടത്തിയ കാത്ത് ലാബിൽ ഇതുവരെ 2500 പേർക്ക് വിജയകരമായി ചികിത്സ നൽകിയതായി മന്ത്രി അറിയിച്ചു. പത്തനംതിട്ട നഗരസഭ ഓക്സിജൻ പ്ലാന്റിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 50 ലക്ഷം രൂപ ചെലവഴിച്ചു. സി.പി.സി.എൽ ചെന്നൈയുടെ സി.എസ്.ആർ ഫണ്ട്, സർക്കാർ സഹായം എന്നിവ ഉപയോഗിച്ചാണ് ഓക്സിജൻ പ്ലാന്റിന്റെ നിർമാണം പൂർത്തിയാക്കിയത്. ഒരു മിനിറ്റിൽ 1000 ലിറ്ററും 500 ലിറ്ററും ഓക്സിജൻ ഉൽപാദിപ്പിക്കാൻ കഴിയുന്ന രണ്ട് പ്ലാന്റുകളാണ് സജ്ജീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തു തന്നെ അതിവേഗം പൂർത്തീകരിച്ച ഓക്സിജൻ പ്ലാന്റ് ആണ് ഇത്. നാഷണൽ ഹെൽത്ത് മിഷൻ, കേരള മെഡിക്കൽ സർവീസ് കോ- ഓപ്പറേഷൻ എന്നിവയുടെ സാങ്കേതിക സഹായവും പ്ലാന്റിന്റെ നിർമാണത്തിന് ലഭിച്ചു. 1000 ലിറ്റർ പ്ലാന്റ് ട്രൈഡന്റ് ന്യൂമാറ്റിക്സ് എന്ന കമ്പനിയും 500 ലിറ്റർ പ്ലാന്റ് അഗസ്ത്യ എയ്റോ വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമാണ് വിതരണം ചെയ്തത്. നിലവിൽ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് ജനറൽ ആശുപത്രിയിലേക്ക് ഓക്സിജൻ എത്തിച്ചിരുന്നത്. പ്ലാന്റിന്റെ പ്രവർത്തനം തുടങ്ങുന്നതോടെ പ്രതിമാസം സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകുന്ന 30 ലക്ഷം രൂപ ലാഭിക്കാനാകും.

# കരുത്തോടെ നടക്കാൻ ക്ലബ് ഫൂട്ട് ക്ലിനിക്ക്

കാസർകോഡ്: ജനിക്കുമ്പോൾ തന്നെ കാൽപാദം ഉള്ളിലേക്ക് വളയുന്ന ക്ലബ് ഫൂട്ട് എന്ന അവസ്ഥയ്ക്ക് ഫലപ്രദമായ ചികിത്സയുമായി തൃക്കരിപ്പൂർ ഗവ. താലൂക്ക് ആശുപത്രി. ക്ലബ് ഫൂട്ട് ചികിത്സാ സൗകര്യമുള്ള ജില്ലയിലെ ഏക ആശുപത്രിയും സംസ്ഥാനത്തെ ഏക താലൂക്ക് ആശുപത്രിയും തൃക്കരിപ്പൂർ ഗവ. താലൂക്ക് ആശുപത്രിയാണ്.

> ഇന്ത്യയിൽ ഓരോ പത്ത് മിനിറ്റിലും ക്ലബ് ഫൂട്ട് വൈകൃലത്തോടെ ഒരു കുഞ്ഞ് പിറക്കുന്നു



കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകൾ, രണ്ട് ജില്ലാ ആശുപത്രികൾ എന്നിവക്കൊപ്പം ക്ലബ് ഫൂട്ട് ക്ലിനിക്ക് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ഏക താലൂക്ക് ആശുപത്രി ആണ് തൃക്കരിപ്പൂർ ഗവ. താലൂക്ക് ആശുപത്രി. ഇന്ത്യയിൽ ഓരോ പത്ത് മിനിറ്റിലും ക്ലബ് ഫൂട്ട് വൈകൃലത്തോടെ ഒരു കുഞ്ഞ് പിറക്കുന്നുവെന്നാണ് കണക്കുകൾ പറയുന്നത്. ക്ലബ് ഫൂട്ട് വൈകല്യത്തോടെ ജനിക്കുന്ന കുഞ്ഞുങ്ങളെ കണ്ടെത്തുകയും അവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ക്ലിനിക്കുകൾ പ്രവർത്തിച്ച് വരുന്നത്. ജില്ലയിലെ ഡെലിവറി പോയിന്റുകളിൽ ആർ ബി എസ് കെ പദ്ധതിയുടെ ഭാഗമായിട്ടുള്ള ന്യൂബോൺ സ്ക്രീനിംഗിലൂടെ കണ്ടെത്തുന്ന കുട്ടികളെ ഈ സെന്ററുകളിലേക്ക് റഫർ ചെയ്യുകയും ആവശ്യമായ ചികിത്സ സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുന്നു. കുട്ടി ജനിച്ച ആദ്യ ദിവസങ്ങൾക്കുള്ളിൽ തന്നെ ചികിത്സ ആരംഭിക്കുകയും അഞ്ച് വയസ്സ് ആകുമ്പോഴേക്കും കുട്ടിയുടെ കാൽപാദങ്ങൾ പൂർണ്ണമായും നിവർന്ന് സാധാരണ നിലയിൽ എത്തുകയും ചെയ്യും. പോൺസെറ്റി എന്ന ലോക വ്യപകമായുള്ള ചികിസാ രീതി തന്നെയാണ് ഇവിടെയും പിന്തുടരുന്നത്. മുടക്കം കൂടാതെ തുടർന്ന് പോവുക എന്നത് ചികിത്സയിൽ നിർബന്ധമാണ്. ഏഴ് മുതൽ എട്ട് പ്രാവശ്യം പ്ലാസ്റ്റർ ഇടുകയും റ്റിനോട്ടമി എന്ന മൈനർ സർജറിയിലൂടെയും കുട്ടികളെ സാധാരണ നിലയിലേക്ക് കൊണ്ട് വരുന്നതും ആണ് ചികിസാ രീതി. തുടർന്ന് ഓർത്തോസിസ് ഉപകരണങ്ങളുടെ സഹായത്തോട് കൂടി ഈ വൈകല്യത്തെ പൂർണ്ണമായും ഇല്ലാതാക്കാവുന്നതാണ്. തൃക്കരിപ്പൂർ ഗവ. താലൂക്ക് ആശുപത്രിയിലെ ഓർത്തോപീഡീഷൻ ഡോക്ടർ മനോജിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ക്ലബ് ഫൂട്ട് ക്ലിനിക്കിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഓർത്തോപീഡിക് സർജൻ മഹേഷിന്റെ സേവനം കൂടി ലഭ്യമാണ്. നിലവിൽ 90 കുട്ടികൾ തൃക്കരിപ്പൂർ ഗവ. താലൂക്ക് ആശുപത്രിക്ക് കീഴിൽ ചികിത്സയിലുണ്ട്.

## മാതൃശിശു സൗഹൃദാശുപത്രി സംരംഭം;

# അംഗീകാരത്തിനായി പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി



മലപ്പുറം: പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി സംസ്ഥാനത്തെ ആദ്യ മാതൃശിശു സൗഹൃദ ഇനീഷ്യേറ്റീവ് അംഗീകാരത്തിനുള്ള യോഗ്യത നേടി. വിലയിരുത്തൽ പ്രക്രിയയിൽ 91% മാർക്കാണ് നേടിയത്. പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് മാതൃ ശിശു സൗഹൃദാശുപത്രി സംരംഭം (മദർ ബേബി ഫ്രണ്ട്ലി ഇനീഷ്യേററീവ്).

യൂണിസെഫും ലോകാരോഗ്യ സംഘടനയും നിശ്ചയിച്ചിട്ടുള്ള 10 ഗുണനിലവാര സൂചികയും കൂടാതെ മാതൃശിശു സൗഹൃദവും ആരോഗ്യവും സംബന്ധിച്ച സൂചികകളിൽ അധിഷ്ഠിതമായ 130 ചെക്ക് പോയിന്റുകൾ അടങ്ങിയ മാനദണ്ഡപ്രകാരമാണ് ആശുപത്രികൾക്ക് അംഗീകാരം നൽകുന്നത്. ഈ പദ്ധതി പ്രകാരം പത്ത് കാര്യങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. ഓരോ ജീവനക്കാരെയും ഈ പദ്ധതി നടപ്പിലാക്കാൻ പ്രതിജ്ഞാബദ്ധരാക്കുക. മുലപ്പാലിന് ബദലായി ഉപയോഗിക്കുന്ന ശിശു ഭക്ഷണങ്ങളുടെ വിപണനത്തെ സംബന്ധിച്ചുള്ള അന്താരാഷ്ട്ര നിബന്ധനകളും മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ലോകാരോഗ്യ സമ്മേളനങ്ങളുടെ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കുക, ഫലപ്രദമായ മുലയൂട്ടൽ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേകം എഴുതി തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ആശുപത്രി ജീവനക്കാർക്കും മാതാപിതാക്കൾക്കും പതിവായി നൽകുക. നവജാത ശിശുക്കളെ അമ്മമാർ സമയാസമയങ്ങളിൽ മുലയൂട്ടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് കാര്യക്ഷമമായ നീരീക്ഷണ സംവിധാനം ഉറപ്പാക്കുകയും അവ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുക. നവജാത ശിശുക്കളെയും അമ്മമാരെയും പരിചരിക്കുന്ന ആശുപത്രി ജീവനക്കാർക്ക് മതിയായ അറിവും കാര്യക്ഷമതയും വൈദഗ്ദ്ധ്യവും ഉണ്ടെന്ന് ഉറപ്പ് വരുത്തുക, മുലയൂട്ടലിന്റെ പ്രാധാന്യത്തെ കുറിച്ച് ഗർഭിണികളെയും അവരുടെ കുടുംബാംഗങ്ങളെയും ബോധവത്ക്കരിക്കുക, പ്രസവാനന്തരം എത്രയും വേഗത്തിൽ നവജാത ശിശുവും മാതാവും തമ്മിൽ വേർപ്പിരിയാത്ത സാമീപ്യം സാധ്യമാക്കുകയും കുഞ്ഞിന് മുലപ്പാൽ നൽകുന്നതിന് അമ്മമാരെ പ്രോത്സാഹിപ്പിക്കുന്നതിന് സാഹായിക്കുകയും ചെയ്യുക, മുലയൂട്ടുമ്പോൾ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ അമ്മമാർക്കുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും തടസമില്ലാതെ മുലയൂട്ടുന്നതിനും സഹായിക്കുക, നവജാത ശിശുക്കൾക്ക് മുലപ്പാലിന് പകരം നൽകുന്ന പൂരക ഭക്ഷണങ്ങളുടെ ദോഷങ്ങളെ കുറിച്ച് അമ്മമാരെ ബോധവത്ക്കരിക്കുക, പ്രസവാനന്തരം വീടുകളിലേക്ക് മടങ്ങുന്ന അമ്മമാർക്കും നവജാത ശിശുക്കൾക്കും സമയാസമയങ്ങളിൽ ആവശ്യമായ പിന്തുണയും പരിചരണവും ഉറപ്പാക്കുക, പിറന്നു വീഴുന്ന ഓരോ കുഞ്ഞിനും സ്വന്തം മാതാവിന്റെ മുലപ്പാൽ ലഭ്യമാക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഇതിന്റെ ഭാഗമായി ഓരോ ജീനക്കാർക്കും പ്രത്യേകം ട്രെയിനിങ് നൽകിയിട്ടുണ്ട്. ഗർഭകാലം മുതൽ പരിശോധനയ്ക്കെത്തുന്ന ഓരോ സ്ത്രീയ്ക്കും മുലപ്പാൽ നൽകുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ക്ലാസുകളും മുലപ്പാൽ നൽകുന്നതിനുള്ള ആത്മധൈര്യവും സഹായവും നൽകുന്നതിനുതകുന്ന രീതിയിൽ വിശദമായ ക്ലാസുകളും നൽകി വരുന്നു.

ദേശീയ ആരോഗ്യ ദൗത്യവും ഐ.എ.പി കേരള, എൻ.എൻ.എഫ് കേരള, കെ.യു.എച്ച്.എസ്, യൂണിസെഫ്, കെ.എ.ഫ്.ഒ.ജി, ടി.എ.ൻ.എ.ഐ എന്നിവരുടെ പിന്തുണയോടെയാണ് ഈ നേട്ടം കൈവരിച്ചത്. ആരോഗ്യ വകുപ്പിന്റെയും ആശുപത്രി ജീവനക്കാരുടെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായാണ് മികച്ച വിജയം നേടാനായത്.

# പ്രസവകാല സംരക്ഷണമേകി ഗർഭകാല ഗോത്രമന്ദിരം

(പേജ് ഒന്നിൽ നിന്നും തുടർച്ച)

പ്രസവം പ്രോത്സാഹിപ്പിക്കാനും അമ്മയുടെയും കുഞ്ഞിന്റെയും ജീവൻ രക്ഷിക്കാനും ഗർഭകാല ഗോത്രമന്ദിരത്തിലൂടെ സാധിക്കും.

പ്രസവത്തോടനുബന്ധിച്ച് ഗർഭിണികളായ ആദിവാസി സ്ത്രീകൾക്ക് കുടുംബത്തോടൊപ്പം വന്നു താമസിക്കാനും ആരോഗ്യപരിപാലനം ഉറപ്പുവരുത്താനും ഇതുവഴി കഴിയും. സ്ത്രീകൾക്ക് പ്രത്യേക പരിചരണവും ഭക്ഷണവും ഇവിടെ ലഭിക്കും. സമയബന്ധിതമായി കൂടുതൽ സൗകര്യമുള്ള ആശുപത്രികളിലേക്ക് മാറ്റാനും സാധിക്കും. അങ്കണവാടികൾ വഴി പോഷകാഹാരവും ലഭ്യമാക്കും. ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്തുവരുന്ന തൂക്കക്കുറവുള്ള കുട്ടികളെയും ഇവിടെ



താമസിപ്പിച്ച് പോഷകാഹാരവും പരിചരണവും നൽകുന്നുണ്ട്. തൂക്കക്കുറവുള്ള കുട്ടികൾക്ക് ന്യൂട്രീഷ്യൻ ക്യാമ്പുകളും പോഷകാഹാര വിതരണവും നിലവിൽ നടത്തുന്നുണ്ട്. വനാതിർത്തികളിലും മറ്റും ഉള്ളവർക്ക് ഏറെ ആശ്വാസമാണ് പദ്ധതി. ഗർഭിണികളുടെ മാനസികാരോഗ്യസ്ഥിതിയും ശാരീരികാരോഗ്യസ്ഥിതിയും പരിഗണിച്ച് പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളാണ് നിർമിച്ചിരിക്കുന്നത്.


# കൗമാരക്കാർക്ക് കരുത്തേകാൻ കരുതലോടെ കൗമാരം പദ്ധതി

കൊല്ലം: ജില്ലയിലെ തീരദേശമേഖലകളിലെ കൗമാരക്കാരുടെ സമഗ്ര ആരോഗ്യ സംരക്ഷണം ലക്ഷ്യം വച്ചുള്ള പദ്ധതിയാണ് കരുതലോടെ കൗമാരം. ജില്ലാ മെഡിക്കൽ ഓഫീസ്, ദേശീയ ആരോഗ്യ ദൗത്യം, ആലപ്പാട് ഗ്രാമ പഞ്ചായത്ത്, വിദ്യാഭ്യാസ വകുപ്പ്, അങ്കണവാടി എന്നിവരുമായി ചേർന്ന് ആലപ്പാട്, അഴീക്കൽ എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൗമാരക്കാരായ കുട്ടികളുടെ ശാരീരിക, മാനസിക, സാമൂഹിക സംരക്ഷണം ഉറപ്പാക്കുകയാണ് ഈ പദ്ധതിയിലൂടെ.

കുട്ടികളുടെ ക്രിയാത്മകതയും സർഗാത്മകതയും ഊർജ്ജസ്വലതയും പരിപോഷിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കൗമാരക്കാർക്കിടയിലുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം, അക്രമവാസന, ലൈംഗികാതിക്രമം എന്നിവയിൽ നിന്നും അവരെ പിന്തിരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തുക. എഫ്.എച്ച്.സി. കളുടെ കീഴിൽ വരുന്ന വാർഡുകളിലെ കൗമാരക്കാർക്കിടയിൽ ആശമാർ മുഖേന ആരോഗ്യ സർവ്വേ നടത്തി വിവര ശേഖരണം പൂർത്തിയാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൗമാര ആരോഗ്യ ക്ലിനിക്കൽ സേവനങ്ങൾ/ കൗൺസിലിംഗ് സേവനങ്ങൾ, ഓറൽ ഹെൽത്ത് സേവനം, ഗൈനക്കോളജി സേവനങ്ങൾ എന്നിവ വേണ്ടവരെ തരം തിരിച്ച് ബന്ധപ്പെട്ട സേവനം ആവശ്യാനുസരണം ലഭ്യമാക്കുന്നു. രക്ഷകർത്താക്കളിൽ നിന്നുള്ള വിവര ശേഖരണം ലഭ്യമാക്കി രക്ഷകർത്താക്കൾ, കൗമാരക്കാർ എന്നിവർക്കിടയിലുള്ള പ്രശ്നങ്ങൾ മനസ്സിലാക്കി ഇരുകൂട്ടർക്കും പ്രത്യേകമോ, ഒരുമിച്ചോ ആവശ്യമായ ക്ലിനിക്കൽ / കൗൺസിലിംഗ് സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു.

കരുതലോടെ കൗമാരം പദ്ധതിയിൽ പ്രധാനമായും ആറ് ഘടകങ്ങളാണുള്ളത്. ഇതിൽ ഏറ്റവും പ്രധാനമാണ് കൗമാരക്കാർക്കിടയിലെ രക്തക്കുറവ് കണ്ടെത്തി പരിഹരിക്കുന്ന പദ്ധതിയായ ഉണർവ്വ്. സൗജന്യമായി ഹീമോഗ്ലോബിൻ പരിശോധിച്ച് വിളർച്ചയുള്ള കുട്ടികൾക്ക് അയൺ ഗുളികകൾ സൗജന്യമായി നൽകി വിളർച്ച പ്രശ്നങ്ങൾ പരിഹരിക്കുകയാണ് പദ്ധതിയിലൂടെ ചെയ്യുന്നത്. ഇത്തരം കുട്ടികൾക്ക് കൗമാര ആരോഗ്യ കൗൺസിലറുടെ സേവനം ലഭ്യമാക്കി ആവശ്യമായ കൗൺസിലിംഗും നൽകുന്നു. ന്യൂറൽ ട്യൂബ് ഡിസോർഡർ രോഗം തടയുക എന്ന ലക്ഷ്യം മുൻനിർത്തി കൗമാരക്കാർക്ക് അയൺ ഫോളിക് ആസിഡുകൾ വിതരണം ചെയ്യുന്ന പദ്ധതി, എം.ആർ വാക്സിൻ എടുക്കാൻ വിട്ടുപോയവരെ കണ്ടെത്തി അവർക്ക് വാക്സിനേഷൻ നൽകുന്ന റൂബല്ല വാക്സിൻ ക്യാച് അപ്പ് പദ്ധതി, സ്ക്രീനിംഗിലൂടെ തൈറോയിഡ് രോഗം കണ്ടെത്തി മതിയായ ചികിത്സ, ഫോളോ അപ്പ് എന്നിവ സാധ്യമാക്കുന്ന പദ്ധതി, കൗമാരക്കാരിൽ മാനസിക-ശാരീരിക പ്രശ്നങ്ങൾ നേരിടുന്നവർക്കുള്ള കൗൺസിലിംഗ് എന്നിവയെല്ലാം ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്.

കൗമാരക്കാരുടെ സമഗ്ര ആരോഗ്യ സംരക്ഷണം ലക്ഷ്യം വെച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിക്ക് മികച്ച സ്വീകാര്യതയാണ് ജില്ലയിൽ ലഭിക്കുന്നത്.



**കുട്ടികളുടെ ക്രിയാത്മകതയും സർഗാത്മകതയും ഊർജ്ജസ്വലതയും പരിപോഷിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കൗമാരക്കാർക്കിടയിലുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം, അക്രമവാസന, ലൈംഗികാതിക്രമം എന്നിവയിൽ നിന്നും അവരെ പിന്തിരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ്**



# മൂന്ന് അന്തർദേശീയ പുരസ്കാരങ്ങളുമായി ആലുവ ഹീമോഫീലിയ സമഗ്ര ആരോഗ്യ കേന്ദ്രം



എറണാകുളം: ഹീമോഫീലിയ ചികിത്സാ മികവിൽ മൂന്ന് അന്തർദേശീയ പുരസ്കാരങ്ങളുമായി രാജ്യത്തിന് മാതൃകയായി ആലുവയിലെ ഹീമോഫീലിയ സമഗ്ര ആരോഗ്യ കേന്ദ്രം. വേൾഡ് ഫെഡറേഷൻ ഓഫ് ഹീമോഫീലിയ സ്പോൺസർ ചെയ്ത ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്റർ (എച്ച്ടിസി), ട്വിന്നിംഗ്സ് പാർട്ണർ പുരസ്കാരം, ഗ്രിഫോൾസ് ഹീമോഫീലിയ അവയർനെസ് ഗ്ലോബൽ അവാർഡ്(ജി.എച്ച്.എ.ജി.എ), ഹീമോഫീലിയ രോഗികളുടെ വിവരങ്ങൾ സമഗ്രമായി ശേഖരിച്ച് സ്വകാര്യത കൈവിടാതെ സൂക്ഷിച്ചതിന് 2021 ലെ ഡാറ്റ എക്സലൻസി അവാർഡ് എന്നിവയാണ് ഹീമോഫീലിയ സമഗ്ര ആരോഗ്യ കേന്ദ്രം കരസ്ഥമാക്കിയത്.

ആഗോള തലത്തിൽ ഹീമോഫീലിയ രോഗികളുടെ പരിചരണവും അവരുടെ ജീവിത നിലവാരവും മെച്ചപ്പെടുത്താൻ സഹായിക്കുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആരോഗ്യ സംരക്ഷണ വിദഗ്ദ്ധർ, ഹീമോഫീലിയ ചികിത്സാ കേന്ദ്രങ്ങൾ, ഹീമോഫീലിയ സൊസൈറ്റികൾ എന്നിവരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജി.എച്ച്.എ.ജി.എ അവാർഡ് നൽകി വരുന്നത്. പ്രതിവർഷം അഞ്ച് രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾക്കാണ് അവാർഡ് നൽകുന്നത്. ഈ വർഷം ഇന്ത്യയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടത് ആലുവ ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്ററിലെ നേഴ്സ് കോർഡിനേറ്റർ ശ്യാംരാജ് ശാന്തപ്പൻ ആണ്. ഹീമോഫീലിയയ്ക്കെതിരെ ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ ഇതുവരെ ലഭ്യമല്ലാത്ത പരിചരണങ്ങളും സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കാനുള്ള അവസരം കൂടിയാണിത്. ജി.എച്ച്.എ.ജി.എ മുഖാന്തരം ആലുവ ഹീമോഫിലിയ ട്രീറ്റ്മെന്റ് സെന്ററിന് ലഭിച്ചിരിക്കുന്നത്.

ഇരട്ട ഹീമോഫീലിയ ചികിത്സാ കേന്ദ്രങ്ങൾ, ഒരുമിച്ച് പ്രവർത്തിക്കുകയും വിവരങ്ങൾ പങ്കിടുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ട്വിന്നിംഗ് പാർട്ണർ അവാർഡ് നൽകുന്നത്. ആഗോള തലത്തിൽ ഹീമോഫീലിയ പരിചരണം മെച്ചപ്പെടുത്തുതിനായി രൂപകൽപന ചെയ്ത നിരവധി അന്തർദേശീയ പ്രോഗ്രാമുകളിൽ ഒന്നാണ് ട്വിന്നിംഗ് പാർട്ണർ.

# വൃക്ക രോഗികൾക്ക് സൗജന്യമായി കിറ്റും മരുന്നും

## മാതൃകയായി ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്


കണ്ണൂർ: ഡയാലിസിസ്, വൃക്ക രോഗികൾക്ക് താങ്ങായി മാറുകയാണ് ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 'കനിവ്' പദ്ധതി. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന കനിവ് 2021 പദ്ധതി മയ്യിൽ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ തദ്ദേശ-സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്കിന്റെ കീഴിലെ എട്ട് പഞ്ചായത്തുകളിലെ 134 പേർക്ക് ഒരു വർഷത്തേക്ക് എല്ലാ മാസവും മരുന്നും ഡയാലിസിസ് കിറ്റും നൽകുന്നതാണ് പദ്ധതി.

രോഗികൾ ഡയാലിസിസിനു പോകുമ്പോൾ ആവശ്യമായ ഉപകരണങ്ങളും മരുന്നുകളുമാണ് പദ്ധതി വഴി നൽകുന്നത്. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ ഉൾപ്പെടുന്ന മയ്യിൽ സാമൂഹിക ആരോഗ്യ കേന്ദ്രം മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. ഗുണഭോക്താക്കൾക്ക് അതത് പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴിയാണ് കിറ്റ് ലഭിക്കുക. 2021-2022 വാർഷിക പദ്ധതിയിലാണ് ഡയാലിസിസ് രോഗികൾക്കുള്ള മരുന്ന് വിതരണ പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി 18,27,500 രൂപ പദ്ധതി വകയിരുത്തി. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഇരിക്കൂർ, പടിയൂർ, ഉളിക്കൽ, പയ്യാവൂർ, എരുവേശി, മലപ്പട്ടം, മയ്യിൽ, കുറ്റ്യാട്ടൂർ എന്നീ പഞ്ചായത്തുകളിലെ രോഗികൾക്കാണ് ചികിത്സാ സഹായം ലഭിക്കുക.



തദ്ദേശ-സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ ഡയാലിസിസ് രോഗികൾക്കുള്ള മരുന്ന് വിതരണം ചെയ്യുന്നു.

ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. റോബർട്ട് ജോർജ് അധ്യക്ഷനായി. ദേശീയ ആരോഗ്യദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. പി കെ അനിൽകുമാർ, കണ്ണൂർ ജില്ലാ പഞ്ചായത്തംഗം ശ്രീജിനി, പഞ്ചായത്ത് പ്രസിഡന്റുമാരായ ഷാജി പി.സി, ഷംസുദ്ദീൻ ബി, ടെസ്സി ഇമ്മാനുവൽ, രമണി കെ.പി, റെജി പി.പി, ബ്ലോക്ക് പഞ്ചായത്ത് അംഗം ചാക്കോ പാലക്കാലോടി എന്നിവർ പങ്കെടുത്തു.



**കനിവ്**

**2021-2022 വാർഷിക പദ്ധതിയിലാണ് ഡയാലിസിസ് രോഗികൾക്കുള്ള മരുന്ന് വിതരണ പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി 18,27,500 രൂപ പദ്ധതി വകയിരുത്തി.**

# ലോക പ്രമേഹദിനത്തിൽ ഹെൽത്ത് പ്രീമിയർ ലീഗ് നടത്തി ആരോഗ്യവകുപ്പ്



തൃശ്ശൂർ: ലോക പ്രമേഹദിനത്തിൽ ഒരു വ്യത്യസ്ത ബോധവത്ക്കരണ പരിപാടി നടത്തി തൃശ്ശൂർ ആരോഗ്യവകുപ്പ്. ജീവിതശൈലിരോഗങ്ങൾ തടയാൻ സ്ഥിരമായി വ്യായാമം ചെയ്യേണ്ടതിന്റെ പ്രാധാന്യം പൊതുജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഹെൽത്ത് പ്രീമിയർ ലീഗ് 2021 സെവൻസ് ഫുട്ബോൾ മത്സരം നടത്തിയാണ് ആരോഗ്യവകുപ്പ് ഈ വർഷത്തെ പ്രമേഹ ദിനം ആചരിച്ചത്.

വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ വകുപ്പുകളിലെ ജീവനക്കാരെ പങ്കെടുപ്പിച്ചാണ് മത്സരം സംഘടിപ്പിച്ചത്. ആരോഗ്യ വകുപ്പ്, ഐ.എം.എ, ബി.എസ്.എൻ.എൽ, റവന്യൂ വകുപ്പ് എന്നീ നാല് ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. മുൻ ദേശീയ അന്തർ ദേശീയ ഫുട്ബോൾ താരം വിക്ടർ മഞ്ഞില കിക്കോഫ് ചെയ്തു കൊണ്ട് മത്സരത്തിന് തുടക്കമിട്ടു. തുടർന്ന് നടന്ന ആവേശകരമായ രണ്ട് മാച്ചുകൾക്ക് ശേഷം ആരോഗ്യ വകുപ്പും റവന്യു വകുപ്പും ഫൈനൽ മത്സരത്തിൽ പങ്കെടുത്തു. ഫൈനൽ മത്സരത്തിന് മുന്നോടിയായി എം എൽ എ ബാലചന്ദ്രൻ.പി കളിക്കാരെ അഭിനന്ദിച്ചു. മത്സരത്തിൽ ആരോഗ്യവകുപ്പ് ജേതാക്കളായി. വിജയികൾക്കും റണ്ണർഅപ്പ് ടീമിനും ട്രോഫികളും പ്രശസ്തി പത്രവും നൽകി.